## കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ഇ.എസ്.6/034217/2012

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ഫോർട്ട്
തിരുവനന്തപുരം, തീയതി 28.03.2017

# കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സ്
## ലേല/ദർഘാസ് പരസ്യം

കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സിൽ ഷോപ്പുകൾ അനുവദിക്കുന്നതിനായി മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | ടെണ്ടർ ഫാറം വില്പന അവസാനിക്കുന്നത് | : | 20.04.17 – 15 മണി വരെ |
| 2. | ടെണ്ടർ സ്വീകരിക്കുന്നത് അവസാന തീയതി | : | 21.04.17 – 15 മണി വരെ |
| 3. | ലേലം / ടെണ്ടർ തീയതിയും സമയവും | : | 22.04.17 രാവിലെ – 11 മണി മുതൽ ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസ് KSRTC നെടുമങ്ങാട് |
| 4. | നിരതദ്രവ്യം | : | 50000/- രൂപ ഷോപ്പൊന്നിന് 5 ലക്ഷം രൂപ സ്റ്റാൻഡ് ഏലൊന്നിന്. |
| 5. | ടെണ്ടർ ഫാറം ലഭിക്കുന്നത് | : | ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസ് KSRTC നെടുമങ്ങാട് അല്ലെങ്കിൽ / KSRTC - യുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| 6. | ടെണ്ടർ ഫാറം സമർപ്പിക്കേണ്ടത് | | ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസ് KSRTC നെടുമങ്ങാട്. |

**വിവരങ്ങൾക്ക്:**

ഫോൺ നം: 0471 - 2471011 / ഹെഡ് ഓഫീസ്
Extn: 232, 356
0472- 2802396 - K.S.R.T.C നെടുമങ്ങാട്

വെബ് സൈറ്റ്: www.keralartc.com/tender/misc

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

## കേരള സംസ്ഥാന റോഡ് ട്രാൻസ്‌പോർട്ട് കോർപ്പറേഷൻ
### നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സ്, നെടുമങ്ങാട്

നമ്പർ: ഇ.എസ്.6/034217/2012

ടെണ്ടർ ഫാറത്തിന്റെ വില
2000 രൂപ + 5% നികുതി

### കെ.എസ്.ആർ.ടി.സി. നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സിൽ ഒരു വർഷത്തേക്ക് ഷോപ്പ് ലഭിക്കുന്നതിനുള്ള ടെണ്ടർ ഫാറം

| | | | |
|---|---|---|---|
| 1 | ലേലം / ടെണ്ടർ നോട്ടീസ് നം. | : | ഇ.എസ്.6/034217/2012 തീയതി 28.03.2017 |
| 2 | ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : | 21.04.2017 15.00 മണി വരെ |
| 3 | ലേലം/ടെണ്ടർ നടക്കുന്ന തീയതി | : | 22.04.17 രാവിലെ 11.00 മണി മുതൽ |
| 4 | ടെണ്ടററുടെ പേരും മേൽവിലാസവും പിൻകോഡും | : | |
| 5 | ഇടപാടുകൾ നടത്തുന്നതിനുള്ള മേൽവിലാസവും പിൻകോഡും | : | |
| 6 | ഫോൺ നം., മൊബൈൽ നം., ഇമെയിൽ വിലാസം | | |
| 7 | ആവശ്യമായ ഷോപ്പിന്റെ വിവരം (നമ്പർ) (ഷോപ്പ് നമ്പർ [illegible] രേഖപ്പെടുത്തേണ്ടതാണ്) | : | |
| 8 | നടത്തുവാനുദ്ദേശിക്കുന്ന കച്ചവടം | : | |
| 9 | ക്വോട്ട് ചെയ്യുന്ന പരമാവധി പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (അക്കത്തിലും അക്ഷരത്തിലും) | : | |
| 10 | നിരതദ്രവ്യം സംബന്ധിച്ചുള്ള വിവരം | : | ഡി.ഡി നം. OR ക്യാഷ് രസീത് നമ്പർ<br>ബാങ്ക്:<br>ബ്രാഞ്ച്:<br>തീയതി: |

NB: ആവശ്യമായ കടമുറികൾ ഏതൊക്കെ
കോഡു സഹിതം എഴുതേണ്ടതാണ്
(ഉദാ. B1,C1 എന്നിങ്ങനെ)

ടെണ്ടററുടെ ഒപ്പും പേരും

### പ്രതിജ്ഞാ വാചകം

മുകളിൽ രേഖപ്പെടുത്തിയുള്ള വിവരങ്ങൾ സത്യസന്ധമാണെന്നും 28.03.17 ലെ ഇ.എസ്.6/034217/2012 നമ്പർ പ്രകാരമുള്ള ലേലം/ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും ഞാൻ വായിച്ച് മനസ്സിലാക്കിയെന്നും, ഇതിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കൃത്യമായും പാലിച്ചു കൊള്ളാമെന്നും, ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

മേൽപ്പറഞ്ഞ ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും അംഗീകരിച്ച്, ഒപ്പിട്ട് ഞാൻ സമർപ്പിക്കുന്നു.

സ്ഥലം
തീയതി

ടെണ്ടററുടെ ഒപ്പ്

കുറിപ്പ്:
- [illegible]
- കവറിന്റെ പുറമെ വ്യക്തമായി "ജില്ലാ ട്രാൻസ്‌പോർട്ട് ഓഫീസർ കെ.എസ്.ആർ.ടി.സി നെടുമങ്ങാട്" എന്ന മേൽവിലാസവും, ഇടതുവശത്ത് ടെണ്ടററുടെ പേരും, മേൽവിലാസവും എഴുതിയിരിക്കണം.
- [illegible]

## കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ഇ.എസ് 6/034217/2012

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ ഫോർട്ട്
തിരുവനന്തപുരം, തീയതി: 28.03.2017

### കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സ്
### ലേലം/ടെണ്ടർ പരസ്യം

കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിൽ കച്ചവട ആവശ്യങ്ങൾക്കായി ഷോപ്പുകൾ അനുവദിക്കുന്നതിനായി **മുദ്രവച്ച ടെണ്ടറുകൾ** ക്ഷണിക്കുന്നു. ടെണ്ടർ തുറക്കുന്നതിന് മുൻപ് ലേലം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടർ സമർപ്പിച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളൂ. **രണ്ടു വർഷമാണ്** ലൈസൻസ് കാലാവധി.

1. ടെണ്ടറർക്ക് ലേലം/ടെണ്ടർ നടപടിയിൽ നേരിട്ടു പങ്കെടുക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ പകരം മറ്റൊരാളെ ഇതിനായി അധികാരപ്പെടുത്താവുന്നതാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ അധികാരപ്പെടുത്തപ്പെട്ട വ്യക്തിയുടെ ഒപ്പ് അധികാരപ്പെടുത്തിക്കൊണ്ടുള്ള പത്രികയിൽ ടെണ്ടറർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. അതോടൊപ്പം അധികാരപ്പെടുത്തപ്പെട്ട വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്. ടി അധികാരപ്പെടുത്തപ്പെട്ട വ്യക്തി ലേലം/ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട് നടത്തുന്ന എല്ലാ വാഗ്ദാനങ്ങൾക്കും തുടർന്നുള്ള നടപടികൾക്കും ടെണ്ടറർ പരിപൂർണ്ണമായി ഉത്തരവാദി ആയിരിക്കുന്നതാണ്. (തിരിച്ചറിയൽ കാർഡായി അംഗീകരിച്ചിട്ടുള്ളവ - ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ നൽകിയ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ച റേഷൻ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്)

2) ആരുടെ പേരിലാണോ ടെണ്ടർ ഫാറം വാങ്ങിയിട്ടുള്ളത് ആ പേരിലായിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്.

3) ഓരോ ഷോപ്പിനും വെവ്വേറെ ടെണ്ടറുകൾ സമർപ്പിച്ചിരിക്കേണ്ടതാണ്.

4) ഏറ്റവും കൂടുതൽ തുക **പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ്** ആയി വാഗ്ദാനം ചെയ്യുന്നവർക്കാണ് ഷോപ്പ് അനുവദിക്കുന്നത്. വിജയികളായ ടെണ്ടറർക്ക് ലേലം/ടെണ്ടർ നടത്തുന്ന അന്നേ ദിവസം തന്നെ താൽക്കാലിക അലോട്ട്മെന്റ് ലെറ്റർ നൽകുന്നതാണ്.

5) അലോട്ട്മെന്റ് ലഭിക്കുന്നവർ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് 2 (രണ്ട്) ഗഡുക്കളായി താഴെപ്പറയും പ്രകാരം അടയ്ക്കേണ്ടതാണ്.
   a. ഒന്നാമത്തെ ഗഡു - (75%) അലോട്ട്മെന്റ് ലെറ്റർ ലഭിച്ച് 15 ദിവസത്തിനകം
   b. രണ്ടാമത്തെ ഗഡു - (25%) കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് / താക്കോൽ കൈമാറുന്നതിന് മുൻപായി.

6) ഷോപ്പ് അനുവദിച്ചു കിട്ടുന്നവർ കടകളുടെ ചതുരശ്ര അടി വിസ്തീർണ്ണം അടിസ്ഥാനമാക്കി മുൻകൂർ നിശ്ചയിക്കപ്പെട്ട **പ്രതിമാസ ലൈസൻസ് ഫീ** ഒടുക്കേണ്ടതാണ്.

7) ലൈസൻസ് ഫീസിനോടൊപ്പം സർവ്വീസ് ടാക്സും ഒടുക്കേണ്ടതാണ്.

8) സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഈടാക്കുന്ന നികുതികളും ലൈസൻസി ഒടുക്കേണ്ടതാണ്.

9) ടെണ്ടർ സമർപ്പിച്ചിട്ടുള്ളവർ ടെണ്ടർ നടപടികളിൽ പങ്കെടുക്കുകയും അതു പൂർത്തിയാകുന്നതിന് മുൻപ് അതിൽനിന്നും പിൻമാറുവാനും പാടില്ല. അങ്ങനെ വന്നാൽ മേൽ പറഞ്ഞവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.

10) ലൈസൻസി അപേക്ഷ സമർപ്പിക്കുന്ന പക്ഷം തുടർന്നും ലൈസൻസ് കാലാവധി നീട്ടി നൽകാവുന്നതാണ്. **നിലവിലെ ലൈസൻസ് ഫീയിൽ ഓരോ രണ്ടു വർഷം കൂടുമ്പോഴും 15%**

വർദ്ധനവോടെയാണ് ലൈസൻസിയെ തുടരുവാൻ അനുവദിക്കുന്നത്. പരമാവധി പത്തു വർഷം വരെയാണ് ലൈസൻസ് കാലാവധി പുതുക്കി നല്കുന്നത്. ലൈസൻസ് നീട്ടിനൽകുന്നത് കോർപ്പറേഷന് യുക്തമാണെന്നു ബോധ്യപ്പെട്ടാൽ മാത്രമെ അത്തരത്തിൽ നീട്ടി നൽകുകയുള്ളൂ.

11) അലോട്ട്മെന്റ് ലഭിച്ച ശേഷം, നിർദ്ദേശിച്ചിട്ടുള്ള തവണ തുകകൾ ഒടുക്കിയില്ലായെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടുന്നതും അലോട്ട്മെന്റ് ക്യാൻസൽ ചെയ്യുന്നതുമാണ്. അതുപോലെ, ഗഡുക്കൾ ഒടുക്കുവാനാരംഭിച്ച ശേഷം തുടർ തവണകൾ (ഗഡുക്കൾ) ഒടുക്കുന്നതിൽ മുടക്കം വരുത്തുകയാണെങ്കിലും നിരതദ്രവ്യം, പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കണ്ടുകെട്ടുന്നതും അലോട്ട്മെന്റ് ക്യാൻസൽ ചെയ്ത് ഷോപ്പ് ടെണ്ടർ നടപടിക്കു വിധേയമാക്കുന്നതുമാണ്. അങ്ങനെയുള്ളവർക്ക് തുടർന്നുള്ള ലേലം/ടെണ്ടർ നടപടികളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയില്ല. അലോട്ട്മെന്റ് ക്യാൻസൽ ചെയ്യപ്പെട്ടവർ തുടർന്നു വരുന്ന ലേലം/ടെണ്ടർ നടപടിയിൽ പങ്കെടുത്ത് അലോട്ട്മെന്റ് നേടിയതായി പിന്നീട് ശ്രദ്ധയിൽപ്പെട്ടാലും അവർക്ക് നൽകപ്പെട്ട അലോട്ട്മെന്റ് അസാധുവാക്കുന്നതാണ്. അങ്ങനെ വരുന്ന സാഹചര്യത്തിൽ അവരുടെ നിരതദ്രവ്യം കോർപ്പറേഷൻ കണ്ടുകെട്ടുന്നതായിരിക്കും

12) ടെണ്ടർ ഫാറം, ലേലം/ടെണ്ടർ നിബന്ധനകൾ, ബ്രോഷർ എന്നിവ നിശ്ചയിച്ചിട്ടുള്ള തിയതിവരെ പ്രവൃത്തി ദിനങ്ങളിൽ (ഓഫീസ് സമയപരിധിക്കുള്ളിൽ) കെ.എസ്.ആർ.ടി.സി നെടുമങ്ങാട് ജില്ലാ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇതിനായി ടെണ്ടർ ഫാറത്തിന്റെ വിലയും വാറ്റും ഡിമാന്റ് ഡ്രാഫ്റ്റായി ടെണ്ടർ ഫാറത്തിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

13) നിരതദ്രവ്യം ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ടി.സി.യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി എടുക്കേണ്ടതാണ്, അല്ലെങ്കിൽ നെടുമങ്ങാട് ജില്ലാ ട്രാൻസ്പോർട്ട് ഓഫീസിൽ പണമായും ഒടുക്കാവുന്നതാണ്.

14) ടെണ്ടർ ഫാറത്തിൽ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിരിക്കേണ്ടതാണ്. ടെണ്ടർ ഫാറത്തിൽ ഏത് ഷോപ്പാണ് ആവശ്യമുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മുദ്രവച്ച ടെണ്ടറടങ്ങിയ കവറിനു പുറത്ത് ഷോപ്പിന്റെ നമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ നടക്കുന്ന ദിവസം, ടെണ്ടറുടെ കൃത്യമായ മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിരിക്കണം. ഇവ രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.

15) ടെണ്ടർ തുറക്കുന്നതിന് മുൻപ് ലേലം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിലും ടെണ്ടറിലും വച്ച് ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്നവർക്ക് ഷോപ്പിനുള്ള അലോട്ട്മെന്റ് താത്കാലികമായി നൽകുന്നതാണ്.

16) അലോട്ട്മെന്റ് ലെറ്റർ ഷോപ്പ് ലഭിക്കുന്നതിനുള്ള അനുമതി ഉത്തരവല്ല. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകകൾ പൂർണ്ണമായും ഒടുക്കിയാൽ മാത്രമെ ഷോപ്പിനുള്ള ലൈസൻസ് നൽകുകയുള്ളൂ.

17) മുദ്രവച്ച കവറിൽ പൂരിപ്പിച്ച ടെണ്ടർ ഫാറത്തോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

a) വില്ലേജാഫീസർ/ തഹസിൽദാർ നൽകിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
b) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
c) ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡിന്റെയോ ആധാറിന്റെയോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
d) ഇ.എസ്6-034217/12 തീയതി 28.03.17 എന്ന ലേലം/ടെണ്ടർ നിബന്ധനകൾ ടെണ്ടറർ എല്ലാപേജിലും ഒപ്പിട്ടത്.
e) ഇ.എസ്6-034217/12 തീയതി 28.03.17 എന്ന ലേലം/ടെണ്ടർ നോട്ടീസ് ടെണ്ടറർ ഒപ്പിട്ടത്.
f) നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖ (ഡ്രാഫ്റ്റ് / ക്യാഷ് രസീത്)
g) ടെണ്ടർ ഫാറത്തിന്റെ വില (ക്യാഷ് രസീത് / website-ൽ നിന്നും download ചെയ്താണെങ്കിൽ ഡിമാന്റ് ഡ്രാഫ്റ്റ്). മേൽ പറഞ്ഞ രേഖകൾ ഇല്ലാത്ത ടെണ്ടർ അംഗീകരിക്കുന്നതല്ല.

18) ബ്രോഷറിൽ സൂചിപ്പിച്ചിട്ടുള്ള ഷോപ്പുകളുടെ വിസ്തീർണ്ണം ഏറ്റക്കുറച്ചിലുകൾക്ക് വിധേയമാണ്. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറക്ക് വിസ്തീർണ്ണത്തിൽ മാറ്റം ഉണ്ടാകാം. ഇതു സംബന്ധിച്ചുണ്ടാകുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

19) നിർമ്മാണം പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലം സന്ദർശിച്ച് ഓരോ ഷോപ്പുകളുടെയും കൃത്യമായ സ്ഥാനം ടെണ്ടറർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ടെണ്ടർ നടപടി സ്വീകരിക്കുമ്പോഴോ അതിനു ശേഷമോ ഷോപ്പുകളുടെ സ്ഥാനം സംബന്ധിച്ചുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

20) ഏതൊരു ടെണ്ടറും പ്രത്യേകിച്ച് കാരണം കൂടാതെ തന്നെ നിരസിക്കാനുള്ള അധികാരം ടെണ്ടർ കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

21) ടെണ്ടർ നിബന്ധനകളിലും നോട്ടീസിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഉചിത തീരുമാനം വ്യവസ്ഥകൾക്കതീതമായി എടുക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

22) ടെണ്ടർ ഫാറം പരിശോധിക്കുമ്പോൾ വ്യവസ്ഥപ്രകാരമുള്ള രേഖകൾ ഇല്ലായെങ്കിൽ ബന്ധപ്പെട്ട വ്യക്തിയുടെ ലേലവും ടെണ്ടറും നിരസിക്കുന്നതാണ്.

23) ലേലം ടെണ്ടർ, ലൈസൻസ് എന്നിവ സംബന്ധിച്ചുണ്ടാകാവുന്ന കേസുകളുടെ Jurisdiction തിരുവനന്തപുരത്തുള്ള കോടതികൾക്കായിരിക്കുന്നതാണ്.

| | | |
|---|---|---|
| ടെണ്ടർ ഫാറം വിതരണം | : | 20.04.17, 15 മണി വരെ |
| ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | : | 21.04.17, 15 മണി വരെ |
| ടെണ്ടർ ഫാറത്തിന്റെ വില | : | 2000/- രൂപ + വാറ്റ് 5% |
| നിരതദ്രവ്യം | : | ഷോപ്പൊന്നിന് 50,000/- രൂപ വീതം<br>Standalone 5 ലക്ഷം രൂപ |
| ലേലം/ടെണ്ടർ തീയതിയും സ്ഥലവും | : | 22.04.17, 11.00 AM മുതൽ<br>ഡിസ്ട്രിക്റ്റ് ട്രാൻസ്പോർട്ട് ഓഫീസ്<br>കെ.എസ്.ആർ.ടി.സി. നെടുമങ്ങാട്. |

**ടെണ്ടർ സമർപ്പിക്കേണ്ടത്:**
ഡിസ്ട്രിക്റ്റ് ട്രാൻസ്പോർട്ട് ഓഫീസ്
കെ.എസ്.ആർ.ടി.സി. നെടുമങ്ങാട്.

*കവറിനു പുറത്ത് മേൽവിലാസം, ടെണ്ടർ നമ്പർ, തീയതി, ആവശ്യമായ ഷോപ്പ് എന്നിവ പ്രത്യേക കവറിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെണ്ടർ അംഗീകരിക്കുന്നതല്ല.*

ഒഴിവുള്ള ഷോപ്പുകളുടെ വിവരം

ബേസ്മെന്റ് ഫ്ലോറിൽ - B1.B2.B4, B5, B9 & B 13
ഗ്രൗണ്ട് ഫ്ലോറിൽ - ജി. 3 മുതൽ ജി .8 വരെയും, ജി .11 മുതൽ ജി 19വരെയും കൂടാതെ ജി .26 മുതൽ ജി28 വരെയും .
ഒന്നാം നിലയിൽ F1 മുതൽ F14 വരെയും

NB: ഷോപ്പിന്റെ സ്ഥാനം, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് ബിഡ്ഡർ പരിശോധിച്ചും നേരിട്ട് സ്ഥലം സന്ദർശിച്ചും ടെണ്ടറർ ബോദ്ധ്യപ്പെടേണ്ടതാണ്. ഇവ സംബന്ധിച്ച് ഭാവിയിൽ ഉണ്ടാകുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരസ്യപ്പെടുത്തിയിട്ടുള്ളവയ്ക്ക് വിരുദ്ധമായിട്ടുള്ള ലേലം/ടെണ്ടർ സമർപ്പണം സ്വീകരിക്കുന്നതല്ല.

ലേലം/ടെണ്ടർ നടക്കുന്ന സ്ഥലം
ഡിസ്ട്രിക്റ്റ് ട്രാൻസ്പോർട്ട് ഓഫീസ്
കെ.എസ്.ആർ.ടി.സി. നെടുമങ്ങാട്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

## കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ഇ.എസ്റ്റ്.6/034217/2012

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി: 28.03.17

## കെ.എസ്.ആർ.ടി.സി. നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സിൽ കടമുറികൾ അനുവദിക്കുന്നതിനുള്ള ലേലം / ടെണ്ടർ വ്യവസ്ഥകളും നിബന്ധനകളും

1. നിർമ്മാണം പൂർത്തീകരിച്ച കെ.എസ്.ആർ.ടി.സിയുടെ നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സിൽ കടമുറികൾ കച്ചവടത്തിനായി ലൈസൻസ് അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.
   തുടക്കത്തിൽ ഒൻപതുവർഷത്തേയ്ക്കാണ് ലൈസൻസ് അനുവദിക്കുന്നത്. ടെണ്ടറുകൾ തുറക്കുന്നതിനു മുൻപായി ലേലം ഉണ്ടായിരിക്കുന്നതാണ്. ഓരോ ഷോപ്പിനും ലേലത്തിനായി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക മുതലെന്ന് അതാത് ഷോപ്പിനുള്ള ലേലം നടക്കുന്ന സമയത്തിനുമുൻപ് ലഭ്യമായ ക്വോട്ട് ചെയ്തിട്ടുള്ള ഉയർന്ന തുകയ്ക്ക് മുകളിൽ ടെണ്ടറർക്ക് ലേലം വിളിയ്ക്കാവുന്നതാണ്. ഇക്കാര്യത്തിൽ ടെണ്ടർ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ലേലത്തിലും ടെണ്ടറിലും വച്ച് ഏറ്റവും ഉയർന്ന തുക പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായി വാഗ്ദാനം ചെയ്യുന്ന ടെണ്ടറർക്ക് ഷോപ്പ് അനുവദിക്കുന്നതാണ്.
2. പൂർണ്ണമായും പൂരിപ്പിച്ച ടെണ്ടർ ഫാറം സമർപ്പിച്ചവരെ മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. ടെണ്ടർ ഫാറത്തിൽ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്വാട്ടുചെയ്യാത്തവരുടെ ലേലവും ടെണ്ടറും ക്യാൻസൽ ചെയ്യുന്നതായിരിക്കും. ടെണ്ടറിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത ടെണ്ടർ, കാരണം കൂടാതെ തന്നെ നിരസിയ്ക്കുന്നതാണ്.
3. ടെണ്ടർ ഫാറത്തിൽ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിരിക്കേണ്ടതാണ്. ടെണ്ടർ ഫാറത്തിൽ ഏത് ഷോപ്പാണ് ആവശ്യമുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മുദ്രവച്ച ടെണ്ടറടങ്ങിയ കവറിനു പുറത്ത് ഷോപ്പിന്റെ നമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ നടക്കുന്ന ദിവസം, ടെണ്ടററുടെ കൃത്യമായ മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിരിക്കണം. ഇവ രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.
4. ഓരോ ഷോപ്പിനും വെവ്വേറെ നിരതദ്രവ്യം ഒടുക്കേണ്ടതും ടെണ്ടർ സമർപ്പിക്കേണ്ടതുമാണ്. ടെണ്ടറിൽ ഉദ്ദേശിക്കുന്ന കച്ചവടത്തിന്റെ സ്വഭാവം വ്യക്തമാക്കിയിരിക്കണം.
5. ഷോപ്പിംഗ് കോംപ്ലക്സിനോടനുബന്ധിച്ചുള്ള മൂന്നു നിലകളുള്ള പ്രത്യേക ബ്ലോക്കിന് (standalone) ലൈസൻസ് കാലാവധി കുറഞ്ഞത് 10 വർഷമായിരിക്കും. ഓരോ മൂന്നു വർഷം കൂടുമ്പോഴും നിലവിലെ ലൈസൻസ് ഫീയിൽ 15% വർദ്ധനവോടെയായിരിക്കും തുടരാൻ അനുവദിക്കുന്നത്.
6. ലേലം/ടെണ്ടർ നടപടിയിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യം താഴെപ്പറയും പ്രകാരമായിരിക്കും:
   ഷോപ്പ് - 50000/- രൂപ (അമ്പതിനായിരം രൂപ) വീതം ഓരോന്നിനും.
   3 നിലകളുള്ള പ്രത്യേകബ്ലോക്ക് (standalone) - 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ)
   **നിരതദ്രവ്യം ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ടി.സി.യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയി എടുക്കേണ്ടതാണ്, അല്ലെങ്കിൽ നെടുമങ്ങാട് ജില്ലാ ട്രാൻസ്പോർട്ട് ഓഫീസിൽ പണമായും ഒടുക്കാവുന്നതാണ്.**
7. ടെണ്ടറർക്ക് ലേലം/ടെണ്ടർ നടപടിയിൽ നേരിട്ടു പങ്കെടുക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ പകരം മറ്റൊരാളെ ഇതിനായി അധികാരപ്പെടുത്താവുന്നതാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ അധികാരപ്പെടുത്തപ്പെട്ട വ്യക്തിയുടെ ഒപ്പ് അധികാരപ്പെടുത്തിക്കൊണ്ടുള്ള പത്രികയിൽ ടെണ്ടറർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. അതോടൊപ്പം അധികാരപ്പെടുത്തപ്പെട്ട വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്. ടി അധികാരപ്പെടുത്തപ്പെട്ട വ്യക്തി ലേലം/ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട് നടത്തുന്ന എല്ലാ വാഗ്ദാനങ്ങൾക്കും തുടർന്നുള്ള നടപടികൾക്കും ടെണ്ടറർ പരിപൂർണ്ണമായി ഉത്തരവാദി ആയിരിക്കുന്നതാണ്. (തിരിച്ചറിയൽ കാർഡായി അംഗീകരിച്ചിട്ടുള്ളവ - ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ നൽകിയ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ച റേഷൻ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്)

8. ഷോപ്പ് അനുവദിച്ചു കിട്ടിയ വ്യക്തിയുടെ / സ്ഥാപനത്തിന്റെ നിരതദ്രവ്യം ടി വ്യക്തി/സ്ഥാപനം ഒടുക്കുവാനുള്ള പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വക വയ്ക്കുന്നതാണ്. രണ്ടാമത്തെ ഉയർന്നതുക വാഗ്ദാനം ചെയ്യുന്ന വ്യക്തിയുടെ നിരതദ്രവ്യം വിജയിയായ ടെണ്ടറർ തുക അടയ്ക്കുവാനാരംഭിക്കുന്ന മുറയ്ക്ക് പരമാവധി ആറ് മാസത്തിനകവും ബാക്കിയുള്ളവരുടെ നിരതദ്രവ്യം രണ്ടാഴ്ചയ്ക്കകവും തിരികെ നൽകുന്നതാണ്.

9. വിജയിയായ ടെണ്ടറർക്ക് ലേല ദിവസം തന്നെ ഷോപ്പ് താൽക്കാലികമായി അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് (provisional letter of allotment) നൽകുന്നതാണ്.

10. അലോട്ട്മെന്റ് ലെറ്റർ ലഭിയ്ക്കുന്നവർ വാഗ്ദാനം ചെയ്ത പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് രണ്ട് (2) തവണകളായി യഥാക്രമം 75%, 25% എന്ന തോതിലാണ് ഒടുക്കേണ്ടത്.

   1. ഒന്നാമത്തെ തവണ (75%) അലോട്ട്മെന്റ് ലെറ്റർ ലഭിച്ച് 15 ദിവസത്തിനകം.
   2. രണ്ടാമത്തെ തവണ (25%) കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് താക്കോൽ കൈമാറുന്നതിന് മുൻപായി.

11. ഷോപ്പുകളുടെ താക്കോൽ കൈമാറുന്ന തീയതി മുതൽ ഒരു മാസത്തിനകം ലൈസൻസി കച്ചവടം ആരംഭിയ്ക്കേണ്ടതാണ്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ഈ കാലയളവിൽ ഇളവ് അനുവദിയ്ക്കാൻ കോർപ്പറേഷന് അധികാരമുണ്ടായിരിയ്ക്കും.

12. അലോട്ട്മെന്റ് ലെറ്റർ ലഭിച്ചവർ ഒന്നാമത്തെ തവണ തുക മുകളിൽ (10 ാമത്തെ വ്യവസ്ഥയിൽ) പറഞ്ഞിട്ടുള്ള പ്രകാരം ഒടുക്കിയില്ലായെങ്കിൽ അവർ ഒടുക്കിയ നിരതദ്രവ്യം കണ്ടുകെട്ടുകയും അവർക്ക് നൽകപ്പെട്ട അലോട്ട്മെന്റ് റദ്ദ് ചെയ്യുകയും ചെയ്യുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത ഷോപ്പ് കോർപ്പറേഷന് യുക്തമായ പക്ഷം ടെണ്ടറിൽ രണ്ടാമത്തെ ഉയർന്ന പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് വാഗ്ദാനം ചെയ്ത വ്യക്തിയ്ക്ക് അലോട്ട് ചെയ്യുകയോ, പുതിയ ടെണ്ടർ നടപടിയ്ക്ക് വിധേയമാക്കുകയോ ചെയ്യുന്നതാണ്.

13. അലോട്ട്മെന്റ് ലെറ്റർ ലഭിച്ചവർ ഒന്നാമത്തെ തവണ തുക ഒടുക്കുകയും അതിനുശേഷം പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതായ രണ്ടാമത്തെ തവണ മുടക്കം വരുത്തുകയും ചെയ്താൽ അലോട്ട്മെന്റ് ക്യാൻസൽ ചെയ്യുകയും അവർ ഒടുക്കിയ പലിശരഹിത ഡെപ്പോസിറ്റിന്റെ 25% തുക കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്.

14. ഒരിക്കൽ സമർപ്പിയ്ക്കപ്പെട്ട ടെണ്ടർ യാതൊരുകാരണവശാലും പിൻവലിയ്ക്കുവാൻ അനുവദിയ്ക്കുന്നതല്ല. ടെണ്ടർ സമർപ്പിച്ച ശേഷം പിൻവലിച്ചവരെയും അലോട്ട്മെന്റ് ലഭിച്ച ശേഷം പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണം ഒഴിവാക്കപ്പെട്ടവരെയും തുടർന്നുള്ള ടെണ്ടറുകളിൽ പരിഗണിയ്ക്കുന്നതല്ല.

15. പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായും ഒടുക്കിയവർക്ക് ഷോപ്പ് അനുവദിച്ചുകൊണ്ടുള്ള സ്ഥിരീകരണ ഉത്തരവ് (Confirmation order) നൽകുന്നതാണ്. ടി ഉത്തരവ് ലഭിച്ചവരെ ലൈസൻസിയായി കണക്കാക്കുന്നതാണ്. സ്ഥിരീകരണ ഉത്തരവ് നൽകുന്നതോടെ നേരത്തെ നൽകിയ അലോട്ട്മെന്റ് ലെറ്റർ അസാധുവാക്കപ്പെടുന്നതാണ്. കച്ചവടം തുടങ്ങുന്ന മുറയ്ക്ക് മുൻകൂറായി ആദ്യത്തെ പ്രതിമാസ ലൈസൻസ് ഫീ സർവ്വീസ് ടാക്സ് സഹിതം ഒടുക്കേണ്ടതാണ്. തുടർന്നുള്ള ഓരോ മാസവും മുൻകൂറായി തന്നെ പ്രതിമാസ ലൈസൻസ് ഫീയും സർവ്വീസ് ടാക്സും ഒടുക്കേണ്ടതാണ്. ലൈസൻസ് ഫീയുടെ 3 പ്രതിമാസതവണകൾ തുടർച്ചയായി മുടക്കം വരുത്തിയാൽ നോട്ടീസ് കൂടാതെ തന്നെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതാണ്. കാലതാമസം വരുത്തുന്ന ഒടുക്കലുകൾക്ക് 18% നിരക്കിൽ പിഴപ്പലിശ ഈടാക്കുന്നതാണ്.

16. പ്രതിമാസ ലൈസൻസ് ഫീയുടെ 5% തുക പൊതുസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായ അറ്റകുറ്റപ്പണികൾ, ക്ലീനിംഗ്, മേൽനോട്ടം എന്നിവയിനങ്ങളിലുള്ള ചാർജായി എല്ലാ മാസവും ലൈസൻസ് ഫീയോടൊപ്പം ഒടുക്കുവാൻ ലൈസൻസി ബാധ്യസ്ഥനാണ്.

ആദ്യത്തെ രണ്ടുവർഷത്തേയ്ക്ക് ലൈസൻസ് ഫീ താഴെപ്പറയും പ്രകാരമാണ്

ബേസ്മെന്റ് ഫ്ലോറിലുള്ള ഷോപ്പുകൾ : 35 രൂപ ച: അടിയ്ക്ക്

ഗ്രൗണ്ട് ഫ്ലോർ

മുഖ്യ റോഡിന് അഭിമുഖമായിട്ടുള്ള ഷോപ്പുകൾ : 35 രൂപ ച: അടിയ്ക്ക്
ബസ്ബേക്ക് അഭിമുഖമായിട്ടുള്ള ഷോപ്പുകൾ : 25 രൂപ ച: അടിയ്ക്ക്
3 നിലകളുള്ള പ്രത്യേക ബ്ലോക്ക് (Standalone) : 30 രൂപ ച: അടിയ്ക്ക്

ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഷോപ്പുകളുടെ വിസ്തീർണ്ണം ഏറ്റക്കുറച്ചിലുകൾക്ക് വിധേയമാണ്. കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാകുന്ന

മുറയ്ക്ക് ഷോപ്പുകളുടെ വിസ്തീർണ്ണം കൃത്യമായി അറിയിക്കുന്നതും അതിനനുസരിച്ചുള്ള ലൈസൻസ് ഫീസും ഒടുക്കേണ്ടതുമാണ്.

17. പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായും ഒടുക്കിയിട്ടുള്ളവർ, കച്ചവടം ആരംഭിക്കുന്നതിന് മുൻപായി നിർബന്ധമായും കോർപ്പറേഷനുമായി ആവശ്യപ്പെടുന്ന മുറയ്ക്ക് കരാറിലേർപ്പെടേണ്ടതാണ് (Licence Deed). കരാറിലേർപ്പെടാത്തവരുടെ ലൈസൻസ് റദ്ദുചെയ്യുന്നതും നിരതദ്രവ്യം, ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 25% തുക എന്നിവ കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതും ഷോപ്പ് മറ്റു വിധത്തിൽ നൽകുന്നതുമാണ്.

18. ലൈസൻസ് കാലാവധി മുഴുവനും പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് കോർപ്പറേഷനിൽ നിലനിർത്തിയിരിയ്ക്കുന്നതാണ്. ലൈസൻസ് കാലാവധി പൂർത്തിയായാൽ മുറി ഒഴിയുന്ന സമയത്തിനകം ബാധ്യതകളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് തട്ടിക്കഴിച്ച് ബാക്കി മടക്കി നൽകുന്നതാണ്. രണ്ടു വർഷ ലൈസൻസ് കാലാവധി പൂർത്തിയാകുന്നതിനു മുൻപ് ലൈസൻസി കരാറിൽ നിന്നും മതിയായ മുന്നറിയിപ്പില്ലാതെ പിന്മാറുകയാണെങ്കിൽ ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 25% തുക കണ്ടുകെട്ടുന്നതും ബാക്കിയുള്ള തുക ലൈസൻസ് കാലാവധി അവസാനിച്ച ശേഷം ബാധ്യത കഴിച്ച് മടക്കി നൽകുന്നതുമാണ്.

19. ഏതു കച്ചവടത്തിനാണോ ടെണ്ടർ സമർപ്പിച്ചത് അതിനു മാത്രമേ ലൈസൻസ് നൽകുകയുള്ളൂ. അനുവദിച്ച കച്ചവടത്തിന്റെ സ്വഭാവം മാറ്റുന്നതിന് കോർപ്പറേഷന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. കോർപ്പറേഷന് ഉചിതമെന്നു തോന്നുന്ന കച്ചവടങ്ങളിൽ മാത്രമേ കച്ചവടത്തിന്റെ മാറ്റം അനുവദിയ്ക്കുകയുള്ളൂ.

20. മദ്യം, ലഹരിപദാർത്ഥങ്ങൾ, സർക്കാർ നിരോധിച്ചിട്ടുള്ള സാധനങ്ങൾ, കോർപ്പറേഷന്റെ താല്പര്യത്തിനു വിരുദ്ധമായ കച്ചവടം എന്നിവ ഒരു കാരണവശാലും അനുവദനീയമല്ല.

21. സർവ്വീസ് ടാക്സ് ഉൾപ്പെടെ ലൈസൻസ് ഫീയോടൊപ്പം തന്നെ ലൈസൻസി ഒടുക്കേണ്ടതാണ്. കൂടാതെ സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നിശ്ചയിച്ചിട്ടുള്ളതും ഭാവിയിൽ നിശ്ചയിക്കുന്നതുമായ എല്ലാവിധ നികുതികളും ലൈസൻസി ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

22. കച്ചവടവുമായി ബന്ധപ്പെട്ട എല്ലാവിധമായ ലൈസൻസുകളും ബന്ധപ്പെട്ട സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വന്തം നിലയിൽ ലൈസൻസി നേടേണ്ടതാണ്.

23. വെള്ളം, വൈദ്യുതി എന്നിവ ലൈസൻസി സ്വന്തം നിലയിൽ കണ്ടെത്തേണ്ടതും അതിനുവരുന്ന ചെലവ് കോർപ്പറേഷൻ വഹിക്കുന്നതുമല്ല. കോർപ്പറേഷൻ അംഗീകരിച്ച വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ എന്നിവയുടെ ലേ ഔട്ട് പ്ലാൻ ബന്ധപ്പെട്ട അതോറിറ്റിയുടെ മുൻപാകെ സമർപ്പിച്ച് അനുമതി വാങ്ങിയിട്ടായിരിക്കണം കണക്ഷൻ എടുക്കേണ്ടത്.

24. ഷോപ്പുകളിൽ പാചകം അനുവദിക്കുന്നതല്ല. തീ ഉപയോഗിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ ആയതിനുള്ള പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ലൈസൻസി സ്വന്തം നിലയിൽ വരുത്തിയിരിക്കേണ്ടതും, കോർപ്പറേഷന്റെ മുൻകൂർ അനുമതി നേടിയിരിക്കേണ്ടതുമാണ്.

25. ലൈസൻസിയ്ക്ക് അനുവദിയ്ക്കപ്പെട്ട ഷോപ്പ് മറ്റാർക്കെങ്കിലും ഒരു സാഹചര്യത്തിലും പാട്ടത്തിനോ, കീഴ്‌വാടകയ്ക്കോ മേലാദായത്തിനോ കൈമാറാൻ പാടില്ലാത്തതാണ്. ഇക്കാര്യം കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടാൽ നോട്ടീസു കൂടാതെ തന്നെ ലൈസൻസ് ക്യാൻസൽ ചെയ്ത് ലൈസൻസിയെ ഒഴിപ്പിക്കുന്നതും ഒടുക്കിയ മുഴുവൻ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റും കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതുമായിരിയ്ക്കും.

26. ഷോപ്പിൽ ജോലി നോക്കുന്നവർക്ക് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, ഇ.എസ്.ഐ, സംസ്ഥാന ലേബർ വകുപ്പിൽ രജിസ്ട്രേഷൻ എന്നിവ ആവശ്യമായ പക്ഷം ലൈസൻസി അവ സ്വന്തം ചെലവിൽ പ്രാവർത്തികമാക്കേണ്ടതാണ്. ഈ ഇനങ്ങളിൽ ലൈസൻസ് കാലാവധിയിലോ അതിനുശേഷമോ ഉണ്ടാകാവുന്ന എല്ലാവിധ ബാധ്യതകളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം ലൈസൻസിയ്ക്കായിരിയ്ക്കുന്നതാണ്. നിയമാനുസൃതം ആവശ്യമായ രജിസ്ട്രേഷനുകൾ വേണ്ടിയിരുന്ന ലൈസൻസികൾ മേൽപറഞ്ഞ രേഖകൾ ഹാജരാക്കിയാൽ മാത്രമേ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് അവസാനം മടക്കി നൽകുകയുള്ളൂ.

27. ഷോപ്പും പരിസരവും കാലാവധി വൃത്തിയായും ശുചിത്വത്തോടെയും സൂക്ഷിക്കാൻ ലൈസൻസി ബാധ്യസ്ഥനാണ്. ചപ്പുചവറുകൾ ലൈസൻസി സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. കോറിഡോർ, പാസ്സേജ്, സ്റ്റെപ്പുകൾ മുതലായവയിൽ യാതൊരു വിധ തടസ്സങ്ങളും (Obstructions) ലൈസൻസി സൃഷ്ടിക്കുവാൻ പാടില്ല. ഷോപ്പും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന ലൈസൻസികൾക്കെതിരെ 2000/

രൂപ (രണ്ടായിരം രൂപ) വരെ പിഴ ചുമത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

28. ഷോപ്പിന്റെ പേര് കോർപ്പറേഷൻ നിശ്ചയിക്കുന്ന മാതൃകയിൽ മാത്രമേ പ്രദർശിപ്പിക്കുവാൻ അനുവദിക്കുകയുള്ളൂ.

29. ലൈസൻസി, അയാൾക്ക് അനുവദിച്ച ഷോപ്പിന്റെ രൂപഘടനയ്ക്ക് (Structure) ഒരു കാരണവശാലും സ്ഥായിയായ മാറ്റം വരുത്തുവാൻ പാടുള്ളതല്ല. എന്നാൽ ആവശ്യമായ ചെറിയ മിതമായ മാറ്റങ്ങൾ (alterations, additions, modifications) വരുത്തുകൾ പരിശോധിച്ച് അനുമതി നൽകുന്ന കാര്യം കോർപ്പറേഷൻ പരിഗണിയ്ക്കുന്നതാണ്. എന്നാൽ ഇതിനായി വരുന്ന ചെലവ് കോർപ്പറേഷൻ വഹിക്കുന്നതല്ല.

30. ലൈസൻസിയ്ക്കു അനുവദിയ്ക്കുന്ന കെട്ടിടത്തിന് ബലക്ഷയം, ക്ഷതം എന്നിവ വരുത്തുവാനോ അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ പാടുള്ളതല്ല. കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന റിപ്പയറിംഗും മെയിന്റനൻസും കോർപ്പറേഷന്റെ അനുമതിയോടെ സ്വന്തം ചെലവിൽ തന്നെ ലൈസൻസി ചെയ്യേണ്ടതാണ്.

31. ലൈസൻസി ലേലം / ടെണ്ടർ നിബന്ധനകളും, കരാറിലെ വ്യവസ്ഥകളും കൂടാതെ, കോർപ്പറേഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളും പാലിക്കുവാൻ ബാധ്യസ്ഥനാണ്. ഇവ പാലിയ്ക്കാത്ത ലൈസൻസികളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതും ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 50% തുക കോർപ്പറേഷൻ കണ്ടുകെട്ടുന്നതും അനുവദിച്ച ഷോപ്പ് ഏറ്റെടുക്കുന്നതുമാണ്.

32. ലൈസൻസി ആവശ്യപ്പെടുകയാണെങ്കിൽ നടപ്പു കാലാവധിയിലെ ലൈസൻസ് ഫീയിൽ 15% വർദ്ധനവോടെ ഓരോ രണ്ടു വർഷം കൂടുമ്പോഴും ലൈസൻസ് കാലാവധി നീട്ടി നൽകുന്നതാണ്. ഇതിനായുള്ള അപേക്ഷ നിലവിലെ ലൈസൻസ് കാലാവധി തീരുന്നതിനു മൂന്ന് മാസങ്ങൾക്കു മുൻപ് ലൈസൻസി സമർപ്പിച്ചിരിക്കേണ്ടതാണ്. അപ്രകാരം ലൈസൻസ് കാലാവധി നീട്ടിനൽകുന്നത് ലൈസൻസി എല്ലാവിധ ടെണ്ടർ/കരാർ നിബന്ധനകൾ പാലിക്കുന്നതിനു വിധേയമായും, കോർപ്പറേഷന് യുക്തമാണെന്നു ബോധ്യപ്പെടുന്ന പക്ഷവും മാത്രമേ അനുവദിയ്ക്കുകയുള്ളൂ. പരമാവധി നാല് (4) തവണ (ആകെ പത്തു വർഷം) മാത്രമേ ലൈസൻസ് കാലാവധി നീട്ടി നൽകുകയുള്ളൂ. ലൈസൻസ് കാലാവധി നീട്ടി നൽകുന്ന മുറയ്ക്ക് ഓരോ രണ്ടു വർഷത്തിനും പുതിയതായി കരാറിൽ ഏർപ്പെടേണ്ടതാണ്.

33. ഏതെങ്കിലും കാരണവശാൽ ലൈസൻസി കരാറിൽ നിന്നും പിൻമാറി കച്ചവടം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം ആ വിവരം മൂന്നു മാസം മുൻപ് തന്നെ നിർബന്ധമായും കോർപ്പറേഷനെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്. അതുപോലെ കോർപ്പറേഷനും മൂന്നു മാസത്തെ നോട്ടീസ് നൽകി ലൈസൻസിയെ ഒഴിവാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

34. കരാർ കാലാവധിയിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ നിലവിലെ ലൈസൻസ് കാലാവധി (2 വർഷ ലൈസൻസ് കാലാവധി) പൂർത്തിയാകുന്നതുവരെ മാത്രം ലൈസൻസിയുടെ നിയമാനുസൃത അവകാശിയെ പ്രതിമാസ ലൈസൻസ് ഫീ ഒടുക്കികൊണ്ട് തുടരുവാൻ അനുവദിയ്ക്കുന്നതാണ്. ലൈസൻസി മുഖേ ബാധ്യതകളെന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത അവകാശി തീർക്കേണ്ടതുമാണ്. ആയതിനു ശേഷമുള്ള ഒരു അവകാശവാദങ്ങളും നിലനിൽക്കുന്നതല്ല.

35. കോർപ്പറേഷന്റെ ഉത്തരവാദിത്വപ്പെട്ട അധികാരികൾക്ക് ഏതു സമയത്തും മുന്നറിയിപ്പില്ലാതെ ഏതു ഷോപ്പും പരിശോധിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

36. പ്രത്യേകിച്ച് കാരണം കൂടാതെ തന്നെ ഏതു ടെണ്ടറും നിരസിയ്ക്കാനുള്ള പരിപൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

37. പരിപൂർണ്ണമായി പൂരിപ്പിച്ച ടെണ്ടർ ഫാറം ആവശ്യമായ രേഖകളടക്കം താഴെപ്പറയുന്ന മേൽവിലാസത്തിൽ സമർപ്പിയ്ക്കേണ്ടതാണ്.

*ചീഫ് ഓഫീസ്, ട്രാൻസ്‌പോർട്ട് ഭവൻ*
*കെ.എസ്.ആർ.ടി.സി, തമ്പാനൂർ.*

38. ലേലം/ടെണ്ടർ, ലൈസൻസ് എന്നിവ സംബന്ധിച്ചുണ്ടാകാവുന്ന കേസുകളുടെ Jurisdiction തിരുവനന്തപുരത്തുള്ള കോടതികൾക്കായിരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

03/04/17 03/04/17